**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5210</u>** **<u>02-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കാഴ്ച പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ കാഴ്ച പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതർക്കുവേണ്ടി എന്തൊക്കെ കർമ്മപരിപാടികൾ നടപ്പാക്കിവരുന്നു എന്ന് വിശദമാക്കാമോ; | (എ) | കാഴ്ച പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതർക്കുവേണ്ടി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സ്മാർട്ട് ഫോൺ വിതരണവും ഇതിന്റെ ഉപയോഗം സംബന്ധിച്ച ദ്വിദിന ട്രെയിനിംഗും നടന്നുവരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാർ ആരംഭിച്ച കാഴ്ച പദ്ധതി ഈ സർക്കാരും തുടരുന്നുണ്ടോ; ഈ സർക്കാരിന്റെ ആദ്യ നൂറ് ദിന പരിപാടിയുടെ ഭാഗമായി എന്തൊക്കെ കർമ്മപരിപാടി ഇതിനായി നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കാഴ്ച പദ്ധതിയിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി കാഴ്ച പരിമിതിയുള്ളവർക്കായി 102 സ്മാർട്ട് ഫോണുകൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കാഴ്ച പദ്ധതിയുടെ ഭാഗമായി നൽകുന്ന സ്മാർട്ട് ഫോണുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് കാഴ്ച പരിമിതർക്ക് ലഭ്യമാകുക; വിശദാംശങ്ങൾ നൽകാമോ? | (സി) | കാഴ്ച പദ്ധതിയുടെ ഭാഗമായി നൽകുന്ന സ്മാർട്ട് ഫോണുകൾ വഴി നൽകുന്ന സേവനങ്ങളുടെ വിശദവിവരം ചുവടെ കുറിക്കുന്നു. 1. കാഴ്ച പരിമിതരെ ആൻഡ്രോയിഡ് ഉപകരണങ്ങൾ ഉപയോഗിക്കാൻ സഹായിക്കുന്ന Talk Back എന്ന സാങ്കേതിക വിദ്യയും ഇംഗ്ലീഷ്, മലയാളം ഉൾപ്പെടെ 7 ഭാഷകൾ വരമൊഴിയിൽ നിന്നും ശബ്ദ രൂപത്തിൽ മാറ്റാൻ കഴിയുന്ന Speak എന്ന സാങ്കേതിക വിദ്യയുടെ സഹായവും ലഭ്യമാണ്. 2. ലേബലുകൾ, ബാർ കോഡുകൾ, ക്യൂ ആർ കോഡുകൾ എന്നിവ ഉപയോഗിക്കാൻ സഹായിക്കുന്ന Optical Character Recognition (OCR) സൗകര്യവും ലഭ്യമാണ്. 3. കറൻസി തിരിച്ചറിയുന്നതിനുള്ള Money Reader എന്ന സാങ്കേതിക വിദ്യയുടെ സഹായം ലഭ്യമാണ്. കൂടാതെ സഞ്ചാര സ്വാതന്ത്ര്യത്തിന് സഹായിക്കുന്ന Google Map, Map Speaker, Route Monitor എന്നീ സൗകര്യങ്ങളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ